**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2786** **13-02-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ സൗരോർജ്ജ പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിലും എത്ര വീടുകളിലുമായാണ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം മണ്ഡലത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖേന സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല. സൗര സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തി 154 വീടുകളിൽ 552 kW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾ നേരിട്ട് സബ്സിഡി രഹിതമായി 135 പുരപ്പുറങ്ങളിലായി 620kW സൗരോർജ്ജ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.<br><br>വാമനപുരം മണ്ഡലത്തിൽ അനെർട്ട് മുഖേന വാമനപുരം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ 3,30,000/- രൂപ ചെലവിൽ 3 kW ശേഷിയുള്ള സോളാർ ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിച്ചു. ഇത് കൂടാതെ രണ്ടു വീടുകളിലായി 4,08,595/- രൂപ ചെലവിൽ 7 kW ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. |
| (ബി) | പുതുതായി സൗരോർജ്ജ പ്ലാന്റിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും സ്വീകരിച്ച തുടർ നടപടികളും വ്യക്തമാക്കാമോ? | (ബി) | പുതുതായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി കെ.എസ്.ഇ. ബി.എൽ.-ന് സൗര സബ്സിഡി പദ്ധതിയിൽ 643 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സാധ്യതാപഠനം നടത്തി ഉപഭോക്താക്കൾക്ക് സൗരോർജ്ജ നിലയം സ്ഥാപിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ